# 20 നീര മാസ്റ്റർ ട്രെയിനർമാർ പരിശീലനം പൂർത്തിയാക്കി

കൊച്ചി: കള്ളിന് കള്ളിന്റേതായ പ്രാധാന്യമുള്ളതുപോലെ നീരയ്ക്ക് നീരയുടെതായ പ്രാധാന്യവും ഉണ്ട് എന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ നാളികേര കർഷകർക്ക് നീരയും നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളും ഏറെ പ്രാധാന്യം. കള്ള് പ്രകൃതി ദത്തമായ ലഹരി പാനീയം. നീരയാകട്ടെ, വളരെ ശ്രദ്ധയോടെ, വൃത്തിയോടെ ഉത്പ്പാദിപ്പിക്കുന്ന മദ്യവിമുക്തമായ ആരോഗ്യ പാനീയവുമാണ് എന്ന് അദ്ദേഹം തുടർന്നു. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കഴിഞ്ഞ രണ്ടാഴ്ച്ചയായി നടത്തി വന്ന നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലന പരിപാടിയുടെ. ആലുവ വൈ എം സി എയിൽ നടന്ന സമാപന സമ്മേളനത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് എന്നല്ല രാജ്യത്തു തന്നെ ആദ്യമായിട്ടായിരിക്കും നീര ടെക്നീഷ്യന്മാർക്കായി ഇത്തരത്തിൽ പരിശീലന പരിപാടി നടത്തുന്നത് എന്നും അദ്ദേഹം തുടർന്നു. ഒരു ലിറ്റർ നീര ഉത്പാദിപ്പിക്കുമ്പോൾ ടെക്നീഷ്യന് 25 രൂപ ലഭിക്കും. ഇപ്പോൾ പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു വർഷത്തേയ്ക്ക് ബോർഡ് ഇൻഷുറൻസ് നല്കും. അടുത്ത വർഷം മുതൽ അവരുടെ ഫെഡറേഷനുകളാണ് ഇത് ചെയ്യേണ്ടത്. സംസ്ഥാനത്തെ 14 ജില്ലകളിൽ ഈ വർഷം 100 ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുക എന്ന ഉത്തരവാദിത്വം കൂടി ഇപ്പോൾ പരിശീലനം പൂർത്തിയായ 20 പേർക്കുണ്ട് എന്നും ചെയർമാൻ ചൂണ്ടിക്കാട്ടി. അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഒരു ലക്ഷം നീര ടെക്നീഷ്യന്മാർക്കു പരിശീലനം നല്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നീര ഉത്പ്പാദനത്തിനു പറ്റിയ പ്രാദേശിക ഇനം തെങ്ങുകൾ കണ്ടുപിടിച്ച് അവയുടെ വിത്തു തേങ്ങകൾ ശേഖരിച്ച് പുതിയ തൈകൾ ഉത്പ്പാദിപ്പിക്കുന്നതിനും കർഷകർ ശ്രദ്ധിക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. നീര ഉത്പാദനത്തിന്റെ ശാസ്ത്രീയ വശവും പ്രാധാന്യവും ഫലപ്രദമായി ബോദ്ധ്യപ്പെടുവാൻ ഈ പരിശീലന പരിപാടി സഹായകരമായതായി നീര ടെക്നീഷ്യന്മാർ അറിയിച്ചു.

വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ആലപ്പുഴ, കൊല്ലം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള 20 ടെക്നീഷ്യന്മാർക്ക് സർട്ടിഫിക്കറ്റും ടാഗും ചെയർമാൻ വിതരണം ചെയ്തു. പരിശീലനത്തിൽ മികച്ച പ്രകടനം കാഴ്ച്ച വച്ചവർക്ക് ചടങ്ങിൽ സമ്മാനങ്ങളും നല്കി. നാളികേര വികസന ബോർഡ് പ്രോസസിംങ് എൻജിനീയർ ശ്രീകുമാർ പൊതുവാൾ സ്വാഗതവും, സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രോജക്ട് മാനേജർ പി.എസ്. ശ്രീജിത നന്ദിയും പറഞ്ഞു. നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ.കെ മുരളീധരൻ ആശംസകൾ നേർന്നു. ആലപ്പുഴ കോഴിക്കോട് ഫെഡറേഷൻ ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു.



നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലന പരിപാടിയുടെ സമാപന സമ്മേളനം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് ഉദ്ഘാടനം ചെയ്യുന്നു